# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1105   30/09/2016-ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളിയിൽ പൊതുശ്മശാനം**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുശ്മശാനം നിലവിലില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി സ്ഥലം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പൊതു ശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി, മെഡിക്കൽ ഓഫീസറുടെ എൻ.ഒ.സി, ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള അനുമതി എന്നീ രേഖകൾ പൊതുശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമാണ്.<br>1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 483 മുതൽ 485 വരെയുള്ള വകുപ്പുകളിലെ നിബന്ധനകൾക്കനുസൃതമായാണ് പൊതുശ്മശാനം നിർമ്മിക്കുന്നത്. ഇതു സംബന്ധിച്ച് മറ്റു പ്രത്യേക ഉത്തരവുകളൊന്നുമില്ല. |
| (ഡി) | കരുനാഗപ്പള്ളിയിൽ ആധുനിക സംവിധാനങ്ങളുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പൊതു ശ്മശാനം നിർമ്മിക്കുന്നതിന് 2014-15 -ൽ കരുനാഗപ്പള്ളി നഗരസഭയ്ക്ക് 17.85 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ